മി. സ്പീക്കർ: ഓർഡർ.......... ഓർഡർ..... റേഷൻ കാർഡുടമകൾ മണ്ണെണ്ണ കമ്പോളവിലയ്ക്ക് വാങ്ങണമെന്നും സബ്സിഡിക്ക് ദേശസാത്കൃത ബാങ്കുകളിൽ അക്കൗണ്ട് തുറക്കണമെന്നും അറിയിച്ചുകൊണ്ടുള്ള സിവിൽസപ്ലൈസ് ഡയറക്ടറുടെ സർക്കുലർ റേഷൻ ഷോപ്പുകളിലൂടെ റേഷൻ കടയുടമകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതിനാലും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുൾപ്പെടെ 80 ലക്ഷത്തോളം വരുന്ന കാർഡുടമകൾ മണ്ണെണ്ണയ്ക്ക് കമ്പോള വില നൽകേണ്ടിവരുമെന്നതിനാലും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. സുരേഷ് കുറുപ്പ്, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

**അടിയന്തരപ്രമേയം**

**മണ്ണെണ്ണ സബ്സിഡി**

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് ഉന്നയിച്ചിരിക്കുന്ന ഈ വിഷയത്തെ സംബന്ധിച്ച് ചോദ്യോത്തര വേളയിൽ ഞാൻ മറുപടി പറഞ്ഞിട്ടുള്ളതാണ്. കൂടാതെ ധനാഭ്യർത്ഥന ചർച്ചയിലും ഇതുസംബന്ധിച്ച് വിശദീകരണം നൽകുകയുണ്ടായി. ഈ വിഷയം വളരെ നേരത്തേപത്രമാധ്യമങ്ങളിലൂടെ ചർച്ച ചെയ്തതാണ്. ഞാൻ അത് ആവർത്തിച്ച് വ്യക്തമാക്കുകയും ചെയ്തിട്ടുള്ള വിഷയമാണ്. കൊച്ചി, നെയ്യാറ്റിൻകര എന്നീ രണ്ട് താലൂക്കുകളിലാണ് പൈലറ്റ് ബേയ്സിസിൽ ഈ സംവിധാനം ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇത് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുവാനുള്ള സർക്കുലർ വന്നെങ്കിലും അതിപ്പോൾ ക്യാൻസൽ ചെയ്തിരിക്കുകയാണ്. നെയ്യാറ്റിൻകരയിലും കൊച്ചിയിലും നടപ്പിലാക്കി അതിന്റെ രണ്ട് വശങ്ങളും പരിശോധിച്ചതിനുശേഷം മാത്രമേ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുള്ളൂ. തിരക്കുപിടിച്ച് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല. മത്സ്യത്തൊഴിലാളികളുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അക്കാര്യവും ആവർത്തിച്ച് വ്യക്തമാക്കിയതാണ്. മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ വിഹിതത്തിന് യാതൊരു കുറവും സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റ് വരുത്തിയിട്ടില്ല. ഇവിടെ ഉയർന്ന് വന്നിട്ടുള്ള

ആശങ്കകൾ അടിസ്ഥാനരഹിതമാണ്. ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽമാത്രമേ ഈ പദ്ധതി നടപ്പിലാക്കുകയുള്ളൂ. അതുകൊണ്ട് നെയ്യാറ്റിൻകരയിലും കൊച്ചിയിലും ഇത് പരീക്ഷണാർത്ഥത്തിൽ നടപ്പിലാക്കി അതിന്റെ രണ്ട് വശങ്ങളും പരിശോധിച്ചതിനുശേഷം മാത്രമേ സംസ്ഥാനത്ത് ഈ സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, നെയ്യാറ്റിൻകരയിലും കൊച്ചിയിലും പരീക്ഷണാർത്ഥം നടപ്പിലാക്കുമെന്ന് പറയുന്ന ഈ പദ്ധതിയുടെ സർക്കുലർ കേരളത്തിന്റെ പല ഭാഗങ്ങളിലുമുള്ള റേഷൻ കടകളിൽ ഇതിനകം ഒട്ടിച്ചുകഴിഞ്ഞു. ഇത് കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണ് നടപ്പാക്കുന്നതെന്നാണ് പറയുന്നത്. അതായത് സംസ്ഥാനത്തെ റേഷൻ കാർഡുടമകൾ സബ്സിഡി ഇല്ലാതെ മുഴുവൻ തുകയും കൊടുത്ത് റേഷൻ കടകളിൽനിന്ന് റേഷൻ മണ്ണെണ്ണ വാങ്ങണം, സബ്സിഡി ലഭിക്കുന്നതിനുവേണ്ടി ദേശസാത്കൃത ബാങ്കുകളിൽ പോയി അക്കൗണ്ട് തുറക്കണം, എന്നിട്ട് ഇംഗ്ലീഷിലുള്ള ഒരു ഫോം പൂരിപ്പിച്ച് പാസ്സ്ബുക്കിന്റെ കോപ്പിയടക്കം താലൂക്ക് സപ്ലൈ ഓഫീസർ മുൻപാകെയോ അല്ലെങ്കിൽ സിറ്റി റേഷനിംഗ് ഓഫീസർ മുൻപാകെയോ സമർപ്പിക്കണം. സബ്സിഡി തുക ബാങ്കിലേയ്ക്ക് അടയ്ക്കും എന്നാണ് ഈ സർക്കുലറിൽ പറയുന്നത്. ഇത് നാട്ടിലെ സാധാരണക്കാരനുണ്ടാക്കുന്ന ബുദ്ധിമുട്ട് എത്രയാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. ഒന്നാമതായി സാധാരണക്കാരും പാവപ്പെട്ടവരുമായ ആളുകൾ സബ്സിഡിയില്ലാതെ മുഴുവൻ തുകയും

കൊടുത്ത് റേഷൻ കടകളിൽ നിന്ന് മണ്ണെണ്ണ വാങ്ങുന്നു. അതിനുവേണ്ടി അവർ പൈസ ഉണ്ടാക്കണം. നാട്ടിൻപുറങ്ങളിൽ ജീവിക്കുന്ന ഈ പാവപ്പെട്ട ആളുകൾക്ക് ദേശസാത്കൃത ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങണമെങ്കിൽ എത്രയോ കിലോമീറ്റർ ദൂരം സഞ്ചരിക്കണം. അത് മാത്രമല്ല ഈ ദേശസാത്കൃത ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങാനായി എത്തുന്ന ഇവരെ ആരെങ്കിലും ഗൗനിക്കുമോ? അക്കൗണ്ട് തുടങ്ങുന്നതിനുവേണ്ടി പാവപ്പെട്ട സാധാരണക്കാരന് രണ്ടോ മൂന്നോ ദിവസം കയറി ഇറങ്ങേണ്ടതായി വരും. പൈസ വന്നിട്ടുണ്ടോ എന്നറിയാൻ പണിയുള്ള ദിവസം പണിയും ഉപേക്ഷിച്ച് അവന് ബാങ്കിൽ പോകേണ്ടതായി വരും. മാത്രവുമല്ല ഈ സബ്സിഡി തുക കൃത്യമായി ബാങ്കിലേയ്ക്ക് പോകുമെന്നുള്ള കാര്യത്തിന് യാതൊരു ഗ്യാരന്റിയുമില്ല. ഈ സബ്സിഡി തുക ഏതെങ്കിലും സമയത്ത് ബാങ്കിൽ എത്തിയാൽ മാത്രമേ എത്തി എന്നുപറയാൻ കഴിയൂ മാത്രവുമല്ല, മണ്ണെണ്ണയ്ക്ക് പൊതു വിപണിയിൽ വീണ്ടും വിലവർദ്ധനവുണ്ടായാൽ ആ തുക കൊടുത്തുവേണം സാധാരണക്കാരൻ മണ്ണെണ്ണ വാങ്ങേണ്ടത്. അപ്പോൾ സബ്സിഡി തുക കൂട്ടുമോ? സബ്സിഡി തുക എപ്പോഴും കൂട്ടാറില്ല. സബ്സിഡി തുക ഏതെങ്കിലും കാലത്ത് ഏതെങ്കിലും സമയത്ത് കേന്ദ്രഗവൺമെന്റ് തീരുമാനിച്ച് കൂട്ടുന്നതാണ്. പൊതു വിപണിയിൽ മണ്ണെണ്ണയുടെ വില ഉയരുകയും വില വർദ്ധനവിനാനുപാതികമായി ആ മുഴുവൻ വിലയും കൊടുത്ത് മണ്ണെണ്ണ വാങ്ങിക്കാൻ ആളുകൾ നിർബന്ധിതരാകുകയും ചെയ്യും. അതേസമയം

സബ്സിഡി തുക പഴയതുപോലെതന്നെ നിലനിൽക്കും. ഫലത്തിൽ സബ്സിഡിയുടെ ഒരു ആനുകൂല്യവും ഈ കാർഡ് ഉടമകൾക്ക് ലഭിക്കാതെ വരും. നമ്മുടെ റേഷൻ സംവിധാനത്തെ തകർക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിരന്തരമായ ഇടപെടലിന്റെ ഭാഗമാണിത്. ഇതിന്റെ ആദ്യത്തെ ചുവടുവയ്പ് എന്തായിരുന്നു? ആളുകളെ എ.പി.എൽ/ബി.പി.എൽ. എന്നിങ്ങനെ രണ്ടായി തിരിച്ചതിന്റെ ഭാഗമായി ലക്ഷക്കണക്കിന് അർഹരായ ആളുകൾ റേഷന്റെ പരിധിയിൽനിന്ന് പുറത്തായി. ബി.ജെ.പി. ഗവൺമെന്റ് തുടങ്ങിവച്ചത് അഭംഗുരം പിന്നീട് വന്ന കോൺഗ്രസ് ഗവൺമെന്റുകളും തുടർന്ന് നടപ്പാക്കി. ഇന്ത്യാരാജ്യത്തുടനീളം ഒട്ടനവധി പ്രക്ഷോഭങ്ങളും പ്രതിഷേധങ്ങളുമുണ്ടായിട്ടും അതിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. ഇത് രണ്ടാമത്തെ ചുവടുവയ്പ്പാണ്. ഭക്ഷ്യ സുരക്ഷാ ബില്ലിൽ എന്താണ് പറയുന്നത്? ഭക്ഷണ കൂപ്പണുകൾ കൊടുക്കുമെന്നാണ്. എന്നുവച്ചാൽ ഇനി മുതൽ റേഷൻ കടകളില്ല. ഭക്ഷണ കൂപ്പൺ കൊടുത്ത് പൊതു വിപണിയിൽ നിന്ന് വാങ്ങിക്കണം. സാധനങ്ങളുടെ വില കുതിച്ചുയർന്നാലും ഭക്ഷണകൂപ്പണുകളിലെ വിലയനുസരിച്ചാണ് സാധനങ്ങൾ പൊതു മാർക്കറ്റിൽനിന്നും ലഭിക്കുക. സാധാരണക്കാരന് കൊടുക്കുന്ന സബ്സിഡികൾ ഓരോന്നോരോന്നായി ഇല്ലാതാക്കണമെന്നുള്ള ഉദാരവൽക്കരണ സാമ്പത്തിക നയസമീപനത്തിന്റെ ഭാഗമായിട്ടാണ് ഈ സർക്കുലർ ഇന്ന് കേരളത്തിൽ ഇറങ്ങിയിരിക്കുന്നത്. മാത്രവുമല്ല ഈ നാട്ടിലെ ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ

കാര്യം ആര് നോക്കും? മത്സ്യത്തൊഴിലാളികൾക്ക് ഇനി മണ്ണെണ്ണ ലഭിക്കുന്നതെങ്ങനെയാണ്? അവർക്ക് കിട്ടേണ്ട മണ്ണെണ്ണ ഈ വില കൊടുത്ത് അവർ പൊതു വിപണിയിൽനിന്ന് വാങ്ങണമോ; റേഷൻ കടകളിൽനിന്ന് വാങ്ങണമോ; അവർക്കെങ്ങനെ സബ്സിഡി തുക എത്തിക്കും? ഇതിനെക്കുറിച്ചൊന്നും കേരള ഗവൺമെന്റ് ഒരക്ഷരം പോലും മിണ്ടുന്നില്ല. ഇത് എലിയെ തോൽപ്പിക്കാൻ ഇല്ലം ചുടുന്നതുപോലെയാണ്. കരിഞ്ചന്ത തടയാൻവേണ്ടിയാണ് ഞങ്ങൾ ഇത് ചെയ്യുന്നത് എന്നാണ് പറയുന്നത്. കരിഞ്ചന്ത തടയാൻ എന്തെല്ലാം മാർഗ്ഗങ്ങളുണ്ട്. അതിന് നിയമങ്ങളില്ലേ; നിലവിലുള്ള സംവിധാനങ്ങളില്ലേ? അത് ഉപയോഗപ്പെടുത്തി കരിഞ്ചന്ത തടയുകയെന്നുള്ളതല്ലാതെ പാവപ്പെട്ടവന്റെ അടുപ്പ് പുകയാതിരിക്കാനും അവന്റെ വീട്ടിൽ വെളിച്ചം വരാതിരിക്കാനുമുള്ള ഒരു സർക്കുലർ ഇറക്കാൻ ഈ ഗവൺമെന്റിന് എങ്ങനെ ധൈര്യം വന്നു? ഇത് കേരളത്തിലെ സാധാരണക്കാർക്ക് ഗവൺമെന്റ് കൊടുത്ത ഓണ സമ്മാനമാണ് സാധാരണഗതിയിൽ ഓണക്കാലത്ത് എല്ലാ സാധനങ്ങളും വില കുറച്ച് കൊടുക്കാനാണ് ഗവൺമെന്റ് തീരുമാനിക്കുന്നത്. ഇപ്പോൾ കൊടുത്തിരുന്ന റേഷൻ മണ്ണെണ്ണ നിങ്ങൾ പൊതുമാർക്കറ്റിലെ വില കൊടുത്തു വാങ്ങിക്കൊള്ളണം, ഞങ്ങൾ സബ്സിഡി ഏതെങ്കിലും കാലത്ത് തന്നുകൊള്ളാം എന്നുള്ള ധിക്കാരപരമായ സർക്കുലർ, ഇത് ഈ നാട്ടിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ഇത് റേഷൻ സമ്പ്രദായം പടിപടിയായി നിറുത്താനുള്ള ചുവടുവയ്പ്പാണ്. ഇത് കേരളത്തിൽ അനുവദിക്കാൻ പാടില്ല. ഈ

സർക്കുലർ ഗവൺമെന്റ് പിൻവലിക്കണം. ഇതിനുമുമ്പ് വൈദ്യുതിയുള്ള വീടുകളിലെ മണ്ണെണ്ണ വെട്ടിക്കുറച്ചു. വൈദ്യുതി ഇല്ലാത്ത വീടുകളിൽ പാചക വാതക കണക്ഷനുണ്ടെങ്കിൽ അവിടെയും മണ്ണെണ്ണ വെട്ടിക്കുറയ്ക്കുന്നതിനുവേണ്ടി കണക്കെടുത്തുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഒരു പാവപ്പെട്ടവനും മണ്ണെണ്ണ ലഭിക്കുകയില്ല അഥവാ ഏതെങ്കിലുമൊരുത്തന് മണ്ണെണ്ണ വാങ്ങിക്കണമെന്നുണ്ടെങ്കിൽ അവൻ ഇനി ഒരിക്കലും വാങ്ങിക്കാതിരിക്കാനുള്ള സർക്കുലറാണ് കേരള ഗവൺമെന്റ് ഇറക്കിയിരിക്കുന്നത്. ഈ വിഷയം സഭ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച സർക്കുലർ ക്യാൻസൽ ചെയ്തിട്ട് ഒരു മാസം പിന്നിടുകയാണ്. ക്യാൻസൽ ചെയ്ത ആ സർക്കുലർ ഇപ്പോഴും കടകളിൽ പതിപ്പിച്ചിരിക്കുന്നൂവെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. നിലവിൽ ആ സർക്കുലർ പ്രാബല്യത്തിലില്ല. ആ സർക്കുലർ ഗവൺമെന്റ് ക്യാൻസൽ ചെയ്തിട്ടുണ്ട്. ഞാൻ ആവർത്തിച്ചു പറയുന്നു, നെയ്യാറ്റിൻകരയിലും കൊച്ചിയിലും മാത്രമാണ് ഈ സമ്പ്രദായം ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ദേശസാത്കൃത ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങുന്നതടക്കമുള്ള കാര്യങ്ങളിൽ സാധാരണക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ഇക്കാര്യങ്ങൾ വളരെ വിശ

ദമായി പരിശോധിച്ചതിനുശേഷം മാത്രമേ ഗവൺമെന്റ് മുന്നോട്ടുപോവുകയുള്ളൂ. മണ്ണെണ്ണ കരിഞ്ചന്തയിലേയ്ക്ക് പോകുന്നത് തടയുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ സിസ്റ്റം കൊണ്ടുവന്നിരിക്കുന്നത്. മണ്ണെണ്ണ കരിഞ്ചന്തയിലേയ്ക്ക് പോകണമെന്ന് നമ്മൾ ആരും ആഗ്രഹിക്കുന്നില്ല. അതിനുവേണ്ടിയുള്ള ക്രിയാത്മകമായ സമീപനമാണ് ഗവൺമെന്റ് ഓഫ് ഇന്ത്യ മുന്നോട്ടുവച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് എത്തിക്കുകയാണ്. ഇതിൽ കാലതാമസം വരുന്നില്ല. മുൻകൂറായി ഇതിന്റെ തുക ലഭ്യമാക്കിയിരിക്കും. ഒരു ഗുണഭോക്താവ് റേഷൻ കടയിൽനിന്നും മണ്ണെണ്ണ വാങ്ങുന്ന സന്ദർഭത്തിൽതന്നെ ആ തുക ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖാന്തിരം അവരുടെ അക്കൗണ്ടിലേയ്ക്ക് വരും. അതിൽ കാലതാമസമൊന്നും ആ വിഷയങ്ങളിൽ വരികയില്ല. അങ്ങനെ ഉണ്ടാവുകയുമില്ല. അതുപോലെ ഇതുമായി ബന്ധപ്പെട്ട് സീറോ ബാലൻസ് അക്കൗണ്ടുകൾ തുടങ്ങാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. 57 രൂപ വിലയുള്ള മണ്ണെണ്ണ വാങ്ങുന്നതിന് ഒരു ഗുണഭോക്താവ് 500 മുതൽ 1000 രൂപ വരെ കൊടുത്ത് അക്കൗണ്ട് തുടങ്ങണമെന്നതായിരുന്നു മറ്റൊരു വിമർശനമായി ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അതുകൊണ്ടുതന്നെ സീറോ ബാലൻസ് അക്കൗണ്ടുകൾ തുടങ്ങാനാണ് ഗവൺമെന്റ് നിർദ്ദേശം നൽകിയിരിക്കുന്നത്. ഇക്കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും വഴിയില്ല, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ സർക്കുലർ ഇപ്പോൾ പ്രാബല്യത്തിലില്ല. അതു

കൊണ്ടു ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. സി. ദിവാകരൻ: സർ, നെയ്യാറ്റിൻകരയിലും കൊച്ചിയിലും ഈ സിസ്റ്റം നടപ്പിലാക്കേണ്ട കാര്യമില്ല. വേണമെങ്കിൽ നടപ്പിലാക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് സ്റ്റേറ്റ് ഗവൺമെന്റിന് നൽകിയ ഓപ്ഷനാണ്. ഇന്ത്യ യിൽ മറ്റ് പലയിടത്തും ഇത് നടപ്പിലാക്കിയിട്ടില്ല. അതുകൊണ്ട് അത് നട പ്പിലാക്കുന്ന നടപടികൾ കൂടി പിൻവലിക്കണം.

ശ്രീ. അനൂപ് ജേക്കബ്: രണ്ട് താലൂക്കുകളിൽ നടപ്പിലാക്കാൻ തീരു മാനിച്ചിട്ടുണ്ട്. ഗവൺമെന്റ് ആ നടപടികളിലേയ്ക്ക് പോകട്ടെ? ഇതിന്റെ എല്ലാവശങ്ങളും പരിശോധിക്കുമെന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ച് വ്യ ക്തമാക്കുകയാണ്.. ഈ ഗവൺമെന്റ് പുതിയൊരു നടപടിയുമായി മുന്നോ ട്ടുവരുമ്പോൾ ആദ്യമേ അതിന്റെ ശവക്കുഴി തോണ്ടാതെ ഇതിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതിനെക്കുറിച്ച് ഒരാശ ങ്കയും വേണ്ട. ഇത് ദേശീയതലത്തിൽത്തന്നെ സബ്സിഡി കൊടുക്കുന്നത് ആർക്കുവേണ്ടിയാണോ അതു മുഴുവൻ അവരുടെ കൈകളിൽത്തന്നെ എത്തണമെന്നുള്ള ലക്ഷ്യത്തോടുകൂടി അവരവരുടെ ബാങ്ക് അക്കൗണ്ടി ലേയ്ക്ക് കൊടുക്കുകയാണ്. മണ്ണെണ്ണയുടെ കാര്യത്തിൽ മാത്രമല്ല, കർഷ കർക്കു കൊടുക്കുന്ന സബ്സിഡി ഉൾപ്പെടെ എല്ലാം അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൊടുക്കുകയാണ്. കരിഞ്ചന്ത തടയാൻ ഇവിടെ പല

നിയമങ്ങളുമുണ്ട്. കാലാകാലങ്ങളിൽ വന്നിട്ടുള്ള ഗവൺമെന്റുകൾ ഇതിനായി പല നടപടികളും എടുത്തിട്ടുണ്ട്. പക്ഷേ, കരിഞ്ചന്ത തടയാൻ സാധിച്ചിട്ടുണ്ടോ? പാവപ്പെട്ടവർക്ക് കൊടുക്കുന്ന മണ്ണെണ്ണയുടെ ആനുകൂല്യം മറ്റുപലരും തട്ടിയെടുക്കുന്ന സാഹചര്യമാണ് കണ്ടിട്ടുള്ളത്. മത്സ്യത്തൊഴിലാളികളുടെ സമാശ്വാസ ഫണ്ട് ഉൾപ്പെടെയുള്ള എല്ലാ ക്ഷേമ പെൻഷനുകളും ഗവൺമെന്റ് അടുത്ത ഏപ്രിൽ 1-ാം തീയതി മുതൽ നേരിട്ട് കൊടുക്കുന്നതിനുപകരം അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൊടുക്കാൻ പോവുകയാണ്. ഇന്ത്യയൊട്ടാകെ യു.ഐ.ഡി. നമ്പർ വരാൻ പോവുകയാണ്. അത് വന്നുകഴിഞ്ഞാൽ അതിലൂടെ പല കാര്യങ്ങളും വളരെ കൃത്യമായി നടപ്പിലാക്കാൻ സാധിക്കും. അങ്ങനെയൊരു ചിന്തയുടെ ഭാഗമായി വന്നിട്ടുള്ള നടപടികളിൽ ഒന്നാണിത്. അതുതന്നെ ഒറ്റയടിക്ക് അടിച്ചേൽപ്പിക്കുന്നതിനുപകരം അതിന്റെ പ്രായോഗികത മനസ്സിലാക്കി അതിന് ഏതെങ്കിലും വിധത്തിലുള്ള പോരായ്മകളുണ്ടെങ്കിൽ അത് കണ്ടെത്തി പരിഹരിച്ചതിനുശേഷം മാത്രമേ നടപ്പിലാക്കുകയുള്ളൂ. അതുകൊണ്ടാണ് രണ്ട് സ്ഥലത്ത് മാത്രം ഇത് പരീക്ഷിച്ചുനോക്കുന്നത്. ഇത് നല്ലതാണോ അല്ലയോ എന്ന് അറിയാനുള്ള ഒരു പരീക്ഷണംപോലും നടത്താൻ തയ്യാറാകുന്നില്ലെങ്കിൽ, കേരളം ഇതുപോലെ ഒരു മാറ്റത്തിനും തയ്യാറാകുന്നില്ല എന്നതിന്റെ സൂചനയാണ്. ഈ സംവിധാനം പരാജയമാണെങ്കിൽ ആറ് മാസം കഴിഞ്ഞ് ഈ സമ്പ്രദായം നിറുത്താം. ഇതിന്റെ പ്രയോജനം എങ്ങനെയെല്ലാം ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് അറിയാൻ

വേണ്ടിയാണ് ഇപ്പോൾ കേരളത്തിലെ രണ്ട് സ്ഥലങ്ങളിൽമാത്രം ഇത് നടപ്പിലാക്കുന്നത്. കാരണം ഈ സിസ്റ്റം നടപ്പിലാക്കിയാൽ സബ്സിഡി കൊടുക്കുന്ന മുഴുവൻ തുകയും അർഹിക്കുന്നവരുടെ ബാങ്ക് അക്കൗണ്ടിൽ വന്നുചേരും. ഇപ്പോൾ സബ്സിഡി കൊടുക്കുന്ന തുകയുടെ ഒരംശം മാത്രമേ അർഹിക്കുന്നവർക്ക് ലഭിക്കുന്നുള്ളൂ. അതുകൊണ്ട് ഇത് ഒരു പരീക്ഷണമാണ്. ആ പരീക്ഷണം വിജയകരമല്ലെങ്കിൽ പിന്നീട് എന്തു വേണമെന്ന് ആലോചിക്കാം.

ശ്രീ. സി. ദിവാകരൻ: സർ, ഇക്കാര്യത്തിൽ മന്ത്രിയോട് ഒരു ക്ലാരിഫിക്കേഷൻ ചോദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്, ബാങ്ക് അക്കൗണ്ട് എന്നുപറയുന്നത് ക്യാഷ് ട്രാൻസാക്ഷനാണ്. ഇവിടത്തെ പ്രശ്നം അതല്ല. എസൻഷ്യൽ കമ്മോഡിറ്റിയാണ്, മണ്ണെണ്ണയ്ക്ക് മണ്ണെണ്ണ തന്നെ കിട്ടണം. അതിന് സബ്സിഡി പോര. മണ്ണെണ്ണ സബ്സിഡി റേറ്റിൽ വിതരണം ചെയ്യാൻ ഇവിടെ ഒരു സമ്പ്രദായം വേണം. 50 കൊല്ലമായി കേരളത്തിൽ ഏറ്റവും ശക്തമായ പി.ഡി.എസ്. സിസ്റ്റമുണ്ട്, ഇൻഫ്രാസ്ട്രക്ചറുണ്ട്, അത് കിട്ടുന്നുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ക്യാഷ് ട്രാൻസാക്ഷൻ നടക്കുമ്പോഴാണ് തട്ടിപ്പ് നടക്കുന്നതെന്നാണ്. ആ തട്ടിപ്പ് വ്യാപകമായി നടക്കുന്നില്ല. അതുകൊണ്ട് ഈ പരീക്ഷണം നിറുത്തിവയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെടണമെന്ന് മാത്രമല്ല, കേരളത്തിന് അർഹമായ വെട്ടിക്കുറച്ച മണ്ണെണ്ണ

പുന:സ്ഥാപിക്കണമെന്ന് ഈ സഭയിൽ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേന്ദ്രത്തോട് ആവശ്യപ്പെട്ടാൽ അത് കിട്ടുകയും ചെയ്യും.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഗവൺമെന്റ് സബ്സിഡി വിലയ്ക്ക് മണ്ണെണ്ണ കൊടുക്കുമ്പോൾ അർഹിക്കുന്നവർക്ക് ആ മണ്ണെണ്ണ കിട്ടുന്നതിനുപകരം ഈ സബ്സിഡി മുഴുവൻ ഇടനിലക്കാർ തട്ടിയെടുക്കുകയാണെന്നുള്ള വ്യാപകമായ പരാതിയുണ്ട്. അങ്ങ് സിവിൽ സപ്ലൈസ് വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ആളല്ലേ? ഇതൊക്കെ നിറുത്തണമെന്ന് ആത്മാർത്ഥമായി അങ്ങ് ആഗ്രഹിച്ചിട്ടുണ്ടാവും. പക്ഷേ പ്രായോഗികമായി ഇത് നടപ്പിലാക്കുന്നതിന് വളരെ ബുദ്ധിമുട്ടുണ്ട്. കാരണം സബ്സിഡി വിലയ്ക്ക് മണ്ണെണ്ണ വാങ്ങാൻ കഴിവില്ലാത്തവർ ഇവിടെയുണ്ട്. അവർക്ക് റേഷൻ കടകളിൽ പോകാൻ പറ്റില്ല. അവരുടെ പേരിൽ സബ്സിഡി മണ്ണെണ്ണ പൊയ്ക്കൊണ്ടിരിക്കുകയാണ്. ആ സാഹചര്യം ഒഴിവാക്കാൻ വേണ്ടിയാണ് ഈ സിസ്റ്റം കൊണ്ടുവരുന്നത്. അതുകൊണ്ട് ഇത് രണ്ട് സ്ഥലത്ത് നടത്തുന്ന ഒരു പരീക്ഷണമാണ്. വിജയമാണെങ്കിൽ അത് സ്വീകരിക്കാം. ഗവൺമെന്റിന് ഇക്കാര്യത്തിൽ തുറന്ന മനസ്സാണ്. വിജയകരമല്ലെങ്കിൽ അത് നിറുത്താം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. )

ശ്രീമതി ജമീലാ പ്രകാശം: സർ,.....................................

മി. സ്പീക്കർ: നോ........നോ.......... ഇത് അടിയന്തരപ്രമേയ ചർച്ച യാണ്. ചർച്ച ക്ലോസ് ചെയ്തു. ബഹുമാനപ്പെട്ട അംഗം ശ്രീമതി ജമീലാ പ്രകാശം, അടിയന്തരപ്രമേയം അവതരിപ്പിച്ചു ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞു, അത് ക്ലോസ് ചെയ്തു........(ബഹളം).........അങ്ങ നെയല്ല, അതിനൊക്കെ ഒരുപാട് സന്ദർഭങ്ങൾ വരുന്നുണ്ട്. ജനകീയപ്രശ്ന ങ്ങൾ ഏറ്റെടുക്കാൻ ധാരാളം സന്ദർഭങ്ങൾ സഭയിൽ വരുന്നുണ്ട്. അപ്പോൾ പറഞ്ഞാൽ മതി. .................... നോ, ............നോ......... പ്ലീസ്.... പ്ലീസ് ബഹുമാനപ്പെട്ട അംഗം ഇരിക്കൂ. ............പ്ലീസ്, ........പ്ലീസ്............. ഇന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ അടിയന്തരപ്രമേയം കൊണ്ടു വന്നു.........

(ശ്രദ്ധക്ഷണിക്കൽ)

* * * * * * * * * * * * * * *